## പതിമൂന്നാം കേരളനിയമസഭ
## ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3938** **26/06/2013 ൽ മറുപടിക്ക്**

### ആർ.സി.സി.യിലെ രോഗികൾക്ക് ആവശ്യമായ രക്തം

**ചോദ്യം** — ശ്രീ. പുരുഷൻ കടലുണ്ടി

**മറുപടി** — ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | ആർ.സി.സി.-യിലെ അർബുദ രോഗികൾ രക്തത്തിനായി നെട്ടോട്ടമോടുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ആർ.സി.സി.യിൽ പ്രതിവർഷം 25,000 ത്തിൽ പരം യൂണിറ്റ് രക്തം ശേഖരിക്കുന്നു. ഒരു രക്താർബുദ രോഗിക്ക് ഒരു കോഴ്സ് കീമോതെറാപ്പിയ്ക്ക് ശരാശരി 25 യൂണിറ്റ് പ്ലേറ്റ് ലെറ്റ് ഉപയോഗിക്കുന്നു. ഇതിനാവശ്യമായ രക്തം ശേഖരിക്കുന്നതിന് രക്തദാതാക്കളെ കണ്ടെത്തുവാൻ പ്രായോഗിക ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. |
| (ബി) | ആർ.സി.സി.-യിൽ ചികിത്സയിലിരിക്കുന്ന രോഗികൾക്കും, പുതുതായി വരുന്ന രോഗികൾക്കും ആവശ്യമായ പ്ലേറ്റ് ലെറ്റുകൾ നൽകാൻ കഴിയാത്ത സാഹചര്യം പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; | (ബി) | ആർ.സി.സി.യിൽ പ്രതിദിനം 100-120 യൂണിറ്റ് രക്തം ശേഖരിക്കപ്പെടുന്നു. മാസത്തിലൊരിക്കൽ രക്തദാന ക്യാമ്പ് വഴിയും രക്തം ശേഖരിക്കുന്നു. ഇതു മുഴുവൻ പ്ലേറ്റ് ലെറ്റുകളായും ഇതര ഘടകങ്ങളായും വേർതിരിക്കുന്നു. ചുവന്ന രക്തകോശങ്ങളും പ്ലാസ്മയും രക്തബാങ്കിൽ ആവശ്യാനുസരണം ലഭ്യമാണ്. ഇത് ആർ.സി.സി.യിലെ രോഗികൾക്കും പുറമെയുള്ള ആശുപത്രികൾക്കും നൽകി വരുന്നു.<br><br>പ്ലേറ്റ് ലെറ്റുകൾ ആവശ്യാനുസരണം ഉത്പാദിപ്പിക്കാമെങ്കിലും ഇതിന് 5 ദിവസം മാത്രമേ കാലാവധിയുള്ളൂ. ഇതിനാൽ അപൂർവ്വം സന്ദർഭങ്ങളിൽ പ്ലേറ്റ് ലെറ്റുകൾക്ക് ദൗർലഭ്യം അനുഭവപ്പെടാറുണ്ട്. ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ ശ്രീചിത്രാ മെഡിക്കൽ സെന്ററിലെ ബ്ലഡ്ബാങ്കിനെ ആശ്രയിക്കാറുണ്ട്. |

| | | | |
|---|---|---|---|
| (സി) | രക്തക്ഷാമം പരിഹരിക്കാൻ രക്തദാന ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനോ, രക്തബാങ്കിൽ കൂടുതൽ ടെക്നീഷ്യൻമാരെ നിയമിക്കുന്നതിനോ ആർ.സി.സി. അധികൃതർ നടപടിയെടുക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ; | (സി) | ആർ.സി.സി.യിലെ രക്തബാങ്കിൽ സ്റ്റാഫിന്റെ എണ്ണം പരിമിതമായതിനാൽ മാസത്തിൽ ഒരു രക്തദാന ക്യാമ്പ് മാത്രമേ ഇപ്പോൾ സംഘടിപ്പിക്കുന്നുള്ളൂ. ഇതോടൊപ്പം രക്തബാങ്കിൽ ദിവസം ശരാശരി 120 യൂണിറ്റ് രക്തം ശേഖരിക്കുകയും ചെയ്യുന്നു. രക്തബാങ്കിലെ ജോലിഭാരം കണക്കിലെടുത്ത് കൂടുതൽ ഡോക്ടർമാരുടെയും ടെക്നീഷ്യൻമാരുടെയും തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. കൂടുതൽ സ്റ്റാഫിനെ നിയമിക്കുന്നതോടുകൂടി രക്തദാന ക്യാമ്പുകൾ കൂടുതൽ സംഘടിപ്പിയ്ക്കുവാനാകും. |
| (ഡി) | ആർ.സി.സി.യിലെ രക്തക്ഷാമം പരിഹരിക്കുന്നതിന് സർക്കാർ ബദൽ സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ? | (ഡി) | ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ